സെപ്തംബർ 7–13

# പാഠം 11

# വീണ്ടുംവരവിന്റെ പ്രത്യാശയിൽ ജീവിക്കുന്നു

**വായിക്കുക:** ലൂക്കൊസ് 18:1–8; മത്തായി 24, 25; 1 കൊരി. 15:12–19; സഭാപ്രസംഗി 8:14; 12:13,14; വെളി. 21:1–5; 22:1–5.

**മനഃപാഠവാക്യം:** "ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ" (1 കൊരി. 15:58).

യേശു ദൈവരാജ്യത്തെ ഇപ്പോഴത്തെ ഒരു യാഥാർത്ഥ്യമായും നമുക്കിന്നു അതിന്റെ ഭാഗമായിരിക്കാമെന്നും പ്രസ്താവിച്ചു. യേശു തന്റെ ശിഷ്യന്മാരെ അതേ പ്രസ്താവന ചെയ്യുവാൻ അയച്ചു. സുവിശേഷം പ്രസംഗിച്ചുകൊണ്ടും മറ്റുള്ളവരെ സേവിച്ചുകൊണ്ടും തന്റെ രാജ്യത്തെ അനുഭവത്തിൽ കാണിച്ചു കൊടുക്കുവാൻ അവരോടു ആവശ്യപ്പെട്ടു. അതായതു അവർക്കു ലഭിച്ചതു അവർ സൗജന്യമായി കൊടുക്കണമായിരുന്നു (മത്തായി 10:5–8).

യേശു തന്റേ രാജ്യം വ്യത്യസ്തമായ ഒരു തരം രാജ്യം ആയിരുന്നു എന്നു വ്യക്തമായിരുന്നു. അതു ഈ ലോകപ്രകാരം ഉള്ളതല്ല (യോഹ. 18:36), എന്നാൽ അതു സമ്പൂർണ്ണമായി വന്നുചേരും. തന്റെ മനുഷ്യാവതാരം, ശുശ്രൂഷ, മരണം, ഉയിർപ്പ് എന്നിവയാൽ ദൈവരാജ്യം ഉദ്ഘാടനം ചെയ്യപ്പെട്ടു. തന്റെ രാജ്യം ഈ ലോകരാജ്യങ്ങളെ നീക്കി, ദൈവത്തിന്റെ ഭരണം പൂർണ്ണമാക്കപ്പെടുന്ന ഒരു കാലത്തിനായി യേശു നോക്കിപ്പാർക്കുകയും ചെയ്തു.

നിർവ്വചന പ്രകാരം അഡ്വന്റിസ്റ്റുകൾ - ഈ വരവിനായും ഈ രാജ്യത്തിനായും കാത്തിരിക്കുന്ന പ്രത്യാശയുള്ള ജനമാണ്. ഈ പ്രത്യാശ ഭാവിയിൽ വരുവാനുള്ള ഒരു പുതിയ ലോകത്തെ സംബന്ധിക്കുന്നതു മാത്രമല്ല. ഭാവിയിലെ പ്രത്യാശ ഇപ്പോഴത്തേതിനെ രൂപാന്തരപ്പെടുത്തുന്നു. അങ്ങനെയുള്ള പ്രത്യാശയോടെ, ഭാവിയിൽ പ്രതീക്ഷിക്കുന്നതുപോലെ ഇപ്പോൾ ജീവിക്കുന്നു. ലോകം എങ്ങനെ ആയിരിക്കാൻ പോകുന്നു എന്ന വിധം ഇപ്പോഴത്തേതിൽ വ്യത്യാസം വരുത്തുവാൻ നമ്മൾ പ്രവർത്തിച്ചു തുടങ്ങുന്നു.

# "എത്രത്തോളം, കർത്താവേ?

ദൈവം ഇടപെടുവാൻ വേണ്ടിയുള്ള ദൈവജനത്തിന്റെ നിലവിളി ബൈബിളിന്റെ കഥയിൽ എക്കാലവും ആവർത്തിക്കപ്പെട്ടിട്ടുണ്ട്. അടിമത്വം, നാടുകടത്തൽ, പീഡനം, ദാരിദ്ര്യം, അന്യായം, ദുരന്തങ്ങൾ എന്നിവ അനുഭവിച്ചവരുടേതാണു പ്രത്യേകിച്ചു ആ നിലവിളി. ഈജിപ്തിലെ അടിമകൾ, ബാബിലോണിലെ യിസ്രായേല്യർ തുടങ്ങി മറ്റു പലരും, തങ്ങളുടെ കഷ്ടത കാണുന്നതിനും കേൾക്കുന്നതിനും തെറ്റുകളെ തിരുത്തുന്നതിനും വേണ്ടി ദൈവത്തോടു നിലവിളിച്ചിട്ടുണ്ട്. തന്റെ ജനത്തെ വിടുവിക്കുന്നതിനും യഥാസ്ഥാനപ്പെടുത്തുന്നതിനും വേണ്ടിയുള്ള ദൈവത്തിന്റെ പ്രവൃത്തികളുടെ വളരെ സുപ്രധാനമായ ദൃഷ്ടാന്തങ്ങളും ബൈബിൾ നൽകുന്നുണ്ട്. ദൈവം ചിലപ്പോൾ അവരുടെ പീഡകരോടും ശത്രുക്കളോടും പ്രതികാരം ചെയ്തിട്ടുമുണ്ട്.

ഈ രക്ഷപ്പെടുത്തലുകൾ പലപ്പോഴും അല്പകാലത്തേക്കേ നിലനിന്നുള്ളൂ. പല പ്രവാചകന്മാരും അന്തിമമായ ഒരു ഇടപെടലിനെ തുടരെ ചൂണ്ടിക്കാണിച്ചിട്ടുണ്ട് - ദൈവം ദുഷ്ടതയ്ക്കു അറുതി വരുത്തി, താഴ്ത്തപ്പെട്ടവരെ ഉയർത്തുന്നതിനുള്ള ഇടപെടൽ. അതേ സമയം, "എത്രത്തോളം, കർത്താവേ?" എന്ന നിലവിളി അവർ തുടരുകയുംചെയ്തു. ഉദാഹരണത്തിനു, യഹോവയുടെ ദൂതൻ യിസ്രായേല്യരുടെ പ്രവാസത്തെ സംബന്ധിച്ചു ചോദിച്ചു, സൈന്യങ്ങളുടെ യഹോവേ, അങ്ങു എത്രത്തോളം കരുണ കാണിക്കാതിരിക്കും? (സെഖ. 1:12).

ദുഷ്ടന്മാർക്കു പ്രകടമായ അഭിവൃദ്ധിയും നല്ല സൗഭാഗ്യവും, അതേ സമയം നീതിമാന്മാർക്കു ദുഷിപ്പും ചൂഷണവും ദാരിദ്ര്യവും അനുഭവപ്പെടുന്നതിലെ വിലാപം സങ്കീർത്തനങ്ങളിൽ ധാരാളം കാണാം. സങ്കീർത്തനക്കാരൻ ദൈവം ഇടപടുന്നതിനായി ആവർത്തിച്ചു നിലവിളിക്കുന്നു. ദൈവം സൃഷ്ടിച്ച ക്രമത്തിലും ആഗ്രഹിക്കുന്നവിധവും അല്ല ഇപ്പോഴത്തെ ലോകം എന്നു കരുതിക്കൊണ്ടും, പ്രവാചകന്മാരുടെയും പീഡിതരുടെയും നിലവിളിയെ ഏറ്റെടുത്തുകൊണ്ടും സങ്കീർത്തനക്കാരൻ ആവർത്തിച്ചു നിലവിളിക്കുന്നു, "എത്രത്തോളം, കർത്താവേ?"(സങ്കീ. 94:3-7).

തന്റെ ജനത്തിനു മുഴുവൻ നീതി ആഗ്രഹിക്കുന്ന നീതിമാനായ ദൈവത്തിൽ വിശ്വസിക്കുന്നവരുടെ ഇടയിൽ അന്യായം സഹിക്കുവാൻ കൂടുതൽ പ്രയാസമാണ്, ഒരു വിധത്തിൽ. ലോകത്തിലെ ദുഷ്ടതയെ സംബന്ധിച്ചുള്ള ഒരു അസഹിഷ്ണുത ദൈവജനത്തിനു എപ്പോഴുമുണ്ടാകും. ദൈവത്തിന്റെ കാണപ്പെടുന്ന നിഷ്ക്രിയത്വമാണ് അസഹിഷ്ണുതയ്ക്കു മറ്റൊരു കാരണം.

അതുകൊണ്ടുള്ള പ്രവചാകന്മാരുടെ ചിലപ്പോഴത്തെ പരുഷമായ ചോദ്യമാണ്: “യഹോവേ, എത്രത്തോളം ഞാൻ അയ്യം വിളിക്കുകയും [അങ്ങു] കേൾക്കാതിരിക്കുകയും ചെയ്യും? സാഹസം നിമിത്തം ഞാൻ എത്രത്തോളം അങ്ങയോടു നിലവിളിക്കുകയും [അങ്ങു] രക്ഷിക്കാതിരിക്കുകയും ചെയ്യും” (ഹബാ. 1:2).

പുതിയനിയമത്തിലും അത്തരം ഒരു നിലവിളി ചേർക്കപ്പെട്ടിട്ടുണ്ട്. ദൈവം വിടുവിക്കുന്നതിനും വീണ്ടും സൃഷ്ടിക്കുന്നതിനുമായി സൃഷ്ടി മുഴുവൻ ഞരങ്ങിക്കൊണ്ടിരിക്കുന്നതായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു (റോമർ 8:19-22 കാണുക). ദൈവത്തിലെ തങ്ങളുടെ വിശ്വാസം നിമിത്തം രക്തസാക്ഷികൾ ആയവർക്കുവേണ്ടിയും “എത്രത്തോളം കർത്താവേ?” എന്ന നിലവിളി വെളിപ്പാട് 6:10 ൽ കാണുന്നു. പീഡിതരും ഉപദ്രവിക്കപ്പെട്ടവരുമായ തന്റെ ജനത്തിന്റെ കാര്യത്തിൽ ഇടപെടുന്നതിനുള്ള അതേ നിലവിളിയാണു പക്ഷേ ഇതും.

**ലൂക്കൊസ് 18:1-8 വായിക്കുക. തങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള ദൈവജനത്തിന്റെ നിലവിളിക്കും പ്രാർത്ഥനകൾക്കുമുള്ള ദൈവത്തിന്റെ പ്രതികരണത്തെ സംബന്ധിച്ചു യേശു എന്താണു പറയുന്നത്? വിശ്വാസത്തിന്റെ ആവശ്യകതയെക്കുറിച്ചു ഇതു എന്തു പറയുന്നു?**

**തിങ്കൾ** **സെപ്തംബർ 9**

## ഒരു പ്രത്യേകതരം പ്രത്യാശ

വിശ്വാസികളെ ഇവിടെ ഇപ്പോഴത്തെ ജീവിതത്തിൽനിന്നു കൂടുതൽ മെച്ചമായ ഒരു അനന്തരജീവിതത്തിലേക്കു വലിച്ചകറ്റുന്നു എന്ന പ്രവണത മൂലം മതങ്ങൾ പലപ്പോഴും വിമർശിക്കപ്പെടുന്നു. മറ്റൊരു മണ്ഡലത്തിൽ ശ്രദ്ധിക്കുന്നതു വിശുദ്ധമായ ഒരു രക്ഷാതന്ത്രം ആണെന്നും, വിശ്വാസിയെക്കൊണ്ടു ലോകത്തിനും സമൂഹത്തിനും കുറഞ്ഞ പ്രയോജനമേ ഉണ്ടാകൂ എന്നതുമാണു വിമർശനം. ഇത്തരം മനോഭാവങ്ങളെ നട്ടുവളർത്തിയും, പ്രസംഗിച്ചും, പരിശീലിച്ചുംകൊണ്ടു വിശ്വാസികൾ തന്നെ പലപ്പോഴും വിമർശനത്തിനു വാതിൽ തുറന്നിടുന്നു.

അധികാരത്തിൽ ഇരിക്കുന്നവർ ദരിദ്രരോടും പീഡിതരോടും, നിങ്ങളുടെ ഇപ്പോഴത്തെ ദുഃസ്ഥിതി സഹിച്ചുകൊള്ളുക, യേശു വരുമ്പോൾ എല്ലാം ശരിയാകും എന്നു പറയുന്ന ഭീകരമായ ഉദാഹരണങ്ങളും നിലവിലുണ്ട്.

അതേ, നമ്മുടെ ലോകം വീണതും തകർന്നതും ദുരന്തപൂർണ്ണവുമായ ഒരിടം ആണ്. അതുകൊണ്ടു ദൈവം ലോകത്തെ ശരിയാക്കുന്ന കാലത്തിനായി കാത്തിരിക്കുന്നതു തെറ്റും അസ്ഥാനത്തുമല്ല. ദൈവം അനീതിക്കും

വേദനയ്ക്കും ദുഃഖത്തിനും അറുതി വരുത്തും; ഇപ്പോഴത്തെ ക്രമക്കേടിന്റെ സ്ഥാനത്തു മഹത്വമേറിയതും നീതിപൂർണ്ണവുമായ രാജ്യം സ്ഥാപിക്കും. സർവ്വോപരി ആ പ്രത്യാശ കൂടാതെ, ആ വാഗ്ദാനം കൂടാതെ, നമുക്കു വേറെ പ്രത്യാശ ഒട്ടും തന്നെയില്ല.

ലോകാവസാനം സംബന്ധിച്ച യേശുവിന്റെ പ്രസംഗത്തിൽ (മത്താ. 24,25), അതിന്റെ ആദ്യപകുതി ഭാഗത്തു യേശു രക്ഷപ്പെടേണ്ടതിന്റെ ആവശ്യത്തെ വിശദീകരിച്ചു. ആ നാളുകൾ കുറയുന്നില്ലെങ്കിൽ ഒരു ജഡവും ശേഷിക്കയില്ല" എന്നു പറയേണ്ട സ്ഥിതിയിൽ വരെ യേശു എത്തി (മത്താ. 24:22). എന്നാൽ, ദൈവത്തിന്റെ ഈ വാഗ്ദാനങ്ങളുടെ പ്രാധാന്യം യേശു വിവരിക്കുന്നതിന്റെ ഒരു മുഖവുര മാത്രം ആണിത്. ക്രിസ്തീയ പ്രത്യാശയുടെ "രക്ഷപ്പെടൽ" ഭാഗം മാത്രം ശ്രദ്ധിച്ചാലും, അല്ലെങ്കിൽ പ്രാഥമികമായി ശ്രദ്ധിച്ചാലും, ഭാവിയുടെ വ്യക്തമാക്കുന്ന ആഴമേറിയ ചില കാര്യങ്ങൾ നാം നഷ്ടപ്പെടുത്തും.

**മത്തായി 24,25 വായിക്കുക. യേശുവിന്റെ പ്രസംഗത്തിൽ നിങ്ങൾ വായിച്ച ഏറ്റവും പ്രധാനപ്പെട്ട വസ്തുതകൾ എന്തെല്ലാമാണ്? യേശുവിന്റെ മടങ്ങിവരവിനായി കാക്കുകയിൽ എങ്ങനെ ജീവിക്കണം എന്നതിന്റെ നിർദ്ദേശങ്ങളെ നിങ്ങൾ എങ്ങനെ സംഗ്രഹിക്കും?**

ഭാവിയെക്കുറിച്ചു നാം വിശ്വസിക്കുന്നതിൽ, ഇപ്പോൾ എങ്ങനെ ജീവിക്കണം എന്നതിനു സുപ്രധാന ആന്തര അർത്ഥങ്ങളുണ്ട്. നമ്മുടെ ലോകത്തിന്റെ ഭാവിക്കുവേണ്ടിയുള്ള ദൈവത്തിന്റെ വാഗ്ദാനങ്ങളിലെ ആരോഗ്യകരമായ ആശ്രയം ആയിരിക്കണം, ഊർജ്ജസ്വലമായ കൃത്യനിർവ്വഹണത്തിനും, ധന്യവും ആഴമേറിയതും മറ്റുള്ളവർക്കു വ്യത്യാസം ഉളവാക്കുന്ന ജീവിതത്തിനും വേണ്ട രാസത്വരകം.

**യേശുവിന്റെ മടങ്ങിവരവിന്റെ പ്രത്യാശയും വാഗ്ദാനവും നമ്മുടെ ജീവിതങ്ങളെ എങ്ങനെ സ്വാധീനിക്കണം? മറ്റുള്ളവരെ സഹായിക്കുന്ന കാര്യത്തിൽ പ്രത്യേകിച്ച്?**

**ചൊവ്വ** **സെപ്തംബർ 10**

## ഉയിർപ്പിൻ പ്രത്യാശ

യേശുവിന്റെ രണ്ടാം വരവിലെ ക്രിസ്തീയ പ്രത്യാശ കേവലം ഒരു ശോഭന ഭാവിക്കായി കാത്തിരിക്കുന്നതല്ല. യേശുവിന്റെ ശരീരത്തോടുകൂടിയ ഉയിർപ്പ് മൂലം യേശുവിന്റെ മടങ്ങിവരവിന്റെ വാഗ്ദാനം ആദിമ ക്രിസ്ത്യാനികൾക്കു ഉറച്ച യാഥാർത്ഥ്യം ആയിരുന്നു. യേശുവിനു മരിച്ചവരിൽനിന്നു മടങ്ങിവരുവാൻ കഴിഞ്ഞെങ്കിൽ, അതു അവർതന്നെ കണ്ടു സാക്ഷ്യപ്പെടു

ത്തിയല്ലോ - പാപവും അതിന്റെ ദൂഷ്യഫലങ്ങളും നീക്കുന്നതിനും ലോകത്തെ പുതുക്കുന്നതിനും യേശു മടങ്ങിവരികതന്നെ ചെയ്യും (1 കൊരി. 15:22,23).

അപ്പൊസ്തലനായ പൗലൊസിനെ സംബന്ധിച്ചു ഉയിർപ്പ് വീണ്ടും വരവിന്റെ നിർണ്ണായക വസ്തുതയാണ്. യേശുവിന്റെ കഥയിലെ ഈ മകുടം ചൂടുന്ന അതിശയത്തിനുവേണ്ടി തന്റെ മറ്റെല്ലാ പ്രസംഗങ്ങളുടെയും വിശ്വാസ്യത വിട്ടുകളയാൻപോലും പൗലൊസ് ഒരുക്കമായിരുന്നു: "ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥം" (1 കൊരി. 15:17). ക്രിസ്തുവിന്റെ ഉയിർപ്പ് നാം പ്രത്യാശിക്കുന്ന സകലത്തിനും ഇവിടെ എങ്ങനെ പ്രധാനം ആണെന്നുള്ള തന്റെ വാക്കുകളെക്കുറിച്ചു ചിന്തിക്കുക.

**1 കൊരിന്ത്യർ 15:12-19 വായിക്കുക. ഉയിർപ്പിന്റെ സത്യം ക്രിസ്തീയ പ്രത്യാശയ്ക്കു കേന്ദ്രബിന്ദു ആണെന്നു താല്പര്യമുള്ള ഒരു വിശ്വാസി അല്ലാത്ത ആൾക്കു നിങ്ങൾ എങ്ങനെ വിവരിച്ചു കൊടുക്കും?**

ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടതു ആദ്യശിഷ്യന്മാരെ രൂപാന്തരപ്പെടുത്തി. നമ്മൾ കണ്ടതുപോലെ, ദൈവരാജ്യത്തെ വിളംബരം ചെയ്യുവാനും അതു എപ്രകാരമെന്നു കാട്ടിക്കൊടുക്കുവാനും യേശു നേരത്തെ അവരെ അയച്ചിരുന്നു (മത്താ. 10:5-8). യേശുവിന്റെ മരണം പക്ഷേ അവരുടെ ധൈര്യത്തെ തകർത്ത്, പ്രത്യാശയെ പൊടിച്ചുകളഞ്ഞു. ഉയിർത്ത യേശു, പരിശുദ്ധാത്മാവിന്റെ ആഗമനം (അ.പ്ര. 2:1-4) ശക്തിപ്പെടുത്തിയ അവരുടെ പിന്നീടുള്ള ദൗത്യം (മത്താ. 28:18-20), ലോകത്തെ മാറ്റിമറിക്കുന്നതിലേക്കും, യേശു സ്ഥാപിച്ച രാജ്യത്തിനായി ജീവിക്കുന്നതിലേക്കും അവരെ ഉറപ്പിച്ചു.

മരണത്തിന്റെ ശക്തിയിൽനിന്നും ഭയത്തിൽനിന്നും സ്വതന്ത്രരായ ആദിമ വിശ്വാസികൾ യേശുവിന്റെ നാമത്തിൽ ധൈര്യമായി ജീവിക്കുകയും പങ്കിടുകയുംചെയ്തു (1 കൊരി. 15:30,31). മരണത്തെ കൊണ്ടുവരുന്ന അതേ തിന്മയാണു എല്ലാവിധത്തിലുമുള്ള കഷ്ടപ്പാടും അന്യായവും ദാരിദ്ര്യവും പീഡനവും കൊണ്ടുവരുന്നതും. എന്നാലും, യേശുവും തന്റെ മരണത്തിന്മേലുള്ള വിജയവും നിമിത്തം, ഇവയെല്ലാം ഒരു നാളിൽ അവസാനിച്ചുപോകും. ഏറ്റവും ഒടുവിലത്തെ ശത്രുവായി നശിപ്പിക്കപ്പെടേണ്ടതു മരണമാണ്" (1 കൊരി. 15:26).

**നാം ഇപ്പോൾ ആരെ സഹായിച്ചാലും ഒടുവിൽ എന്തായാലും എല്ലാവരും മരിക്കും. യേശുവിന്റെ മരണത്തിലും ഉയിർപ്പിലുമുള്ള പ്രത്യാശയെ സംബന്ധിച്ചു മറ്റുള്ളവർ അറിയുക എന്നതു എത്രമാത്രം അത്യാവശ്യം ആണെന്നാണ് ഈ പരുക്കനായ സത്യം നമ്മെ പഠിപ്പിക്കുന്നത്?**

# ന്യായവിധി പ്രത്യാശ

**സഭാപ്രസംഗി 8:14 വായിക്കുക. ഇവിടെ എഴുതിയിരിക്കുന്ന ദൃഢവും ശക്തവുമായ യാഥാർത്ഥ്യത്തെ എതെല്ലാം വിധങ്ങളിൽ നിങ്ങൾ കാണുന്നു?**

കഷ്ടവും പീഡനവും ദുരന്തവും അവയുടെ ശരിയായ വഴിയിൽ തന്നെ വേണ്ടത്ര കഠിനം ആയിരിക്കെ, അവ അർത്ഥശൂന്യവും ശ്രദ്ധിക്കപ്പെടാത്തതും കൂടി ആയാൽ അവമൂലമുള്ള ക്ഷതവും നിന്ദയും കൂടുതൽ കടുപ്പം ആയിരിക്കും. സാധ്യമായ അർത്ഥമില്ലാത്ത ദുഃഖം അതിന്റെ പ്രാരംഭ ഭാരത്തെക്കാൾ ഭാരമേറിയതാകാം. രേഖകളോ അന്തിമനീതിയോ ഇല്ലാത്ത ഒരു ലോകം ക്രൂരമായ അസംബന്ധത്തിന്റെ തന്നെ മൂർദ്ധന്യമാണ്. ഇരുപതാം നൂറ്റാണ്ടിലെ നാസ്തിക എഴുത്തുകാർ മനുഷ്യാവസ്ഥയുടെ "അസംബന്ധം" എന്നു അവർ വിശ്വസിച്ചതിനെക്കുറിച്ചു വിലപിച്ചതിൽ അതിശയിക്കേണ്ടതില്ല. നീതിയുടെ പ്രത്യാശ ഇല്ലാതെ, ന്യായവിധിയുടെ പ്രത്യാശ ഇല്ലാതെ, കാര്യങ്ങൾ ശരിയാക്കപ്പെടുമെന്ന പ്രത്യാശ ഇല്ലാതെ, നമ്മുടേതു നിശ്ചയമായും ഒരു അസംബന്ധമായ ലോകം ആയിരിക്കും.

സഭാപ്രസംഗി 8:14 പക്ഷേ കഥയുടെ അവസാനമല്ല. തന്റെ പ്രതിഷേധങ്ങൾക്കൊടുവിൽ പെട്ടെന്നു ഒന്നു തിരിയുന്നു. അർത്ഥം ഇല്ലായ്മയെക്കുറിച്ചു വിലപിക്കുന്നതിനിടയിൽ, അത്യാവശ്യമായി, ശലോമോൻ പറയുന്നു: ഒരു നിമഷം കാത്തുനിൽക്ക, ദൈവം ന്യായം വിധിക്കുവാൻ പോകുന്നു, അതുകൊണ്ടു എല്ലാം അർത്ഥശൂന്യമല്ല; വാസ്തവത്തിൽ ഇപ്പോൾ ഓരോന്നും ഓരോരുത്തരും ഗൗരവമുള്ളതാണ്.

**സഭാപ്രസംഗി 12:13,14 വായിക്കുക. ഇവിടെ നാം ചെയ്യുന്ന സകലവും എത്ര പ്രധാനം ആണെന്നു കൃത്യമായി ഇതെന്തു പറയുന്നു?**

ദൈവത്തിന്റെ കാതലായ സ്വഭാവം, ജീവൻ, നാം അധിവസിക്കുന്ന ലോകം ഇവയെക്കുറിച്ചു നാം എന്തു വിശ്വസിക്കുന്നുവോ അത് ന്യായവിധിയുടെ പ്രത്യാശ കൊണ്ടുവരുന്നു. നാം കണ്ടതുപോലെ, ദൈവം സൃഷ്ടിച്ചതും സ്നേഹിക്കുന്നതുമായ ഒരു ലോകത്തിലാണു നാം ജീവിക്കുന്നത്. പക്ഷേ ആ ലോകം തെറ്റിപ്പോയി. ദൈവം ആകട്ടെ ആ ലോകത്തെ പുനർസൃഷ്ടിക്കുവാനുള്ള തന്റെ പദ്ധതിയിൽ പ്രവർത്തിച്ചുവരുന്നു. യേശുവിന്റെ ജീവിതത്തിലും മരണത്തിലും കൂടിയാണു ദൈവം ഇതു ചെയ്യുന്നത്. ദൈവത്തിന്റെ ന്യായവിധി ഈ ലോകത്തെ ശരിയാക്കുന്നതിനുള്ള സുപ്രധാന ഭാഗമാണ്. ലോകത്തിന്റെ തെറ്റുകളിൽ വളരെ അധികവും അനുഭവി

ച്ചവർക്കു - തള്ളപ്പെട്ടവർ, കൊല്ലപ്പെട്ടവർ, പീഡിതർ, ചൂഷണം ചെയ്യപ്പെട്ട വർ - ന്യായവിധിയുടെ വാഗ്ദാനം നിശ്ചയമായും നല്ല വർത്തമാനമാണ്.

**ഒരു നാൾ, നമുക്കു ഊഹിക്കാൻ കഴിയാത്തവിധം, നാം കാത്തിരിക്കുന്ന ന്യായവിധി അന്തിമമായി വന്നുചേരും എന്നറിയുന്നതു നിങ്ങൾക്കു എന്തർത്ഥം നൽകുന്നു? ഈ വാഗ്ദാനത്തിൽനിന്നു നമുക്കു എങ്ങനെ പ്രത്യാശ കൈവരിക്കാനാകും?**

**വ്യാഴം** **സെപ്തംബർ 12**

## കണ്ണുനീരോ വേദനയോ ഇനിയില്ല

**വെളിപ്പാട് 21:1–5; 22:1–5 വായിക്കുക. ഇവിടെ വിവരിക്കപ്പെട്ടിരിക്കുന്നതുപോലെ ജീവിതം എങ്ങനെ ആയിരിക്കും എന്നു അല്പനേരം ഊഹിക്കുക. പാപവും മരണവും വേദനയും കണ്ണുനീരും ഇല്ലാത്ത ജീവിതത്തെക്കുറിച്ചു ചിന്തിക്കുവാൻ എന്തുകൊണ്ടു പ്രയാസമാകുന്നു?**

പാപത്തിനു ശേഷമുള്ള നമ്മുടെ ജീവിതത്തിന്റെ ബൈബിൾ വിവരണങ്ങൾ ചോദ്യം ചെയ്യപ്പെടാൻ ആകാത്തവിധം അതിശയകരവും മഹത്വമേറിയതുമാണ്. എന്താണു നമ്മെ കാത്തിരിക്കുന്നതു എന്നതിനും സംശയമില്ലാതെ വ്യക്തമായി അതു പ്രതിനിധാനം ചെയ്യുന്നു. ഈ വാക്യങ്ങളിൽ തന്നെയും, എന്തൊക്കെ അവിടെ ഉണ്ടായിരിക്കും എന്നതുപോലെ എന്തൊക്കെ ഇല്ലാതിരിക്കും എന്നും വിവരിക്കുന്നു. ഈ ലോകത്തെ മാത്രം നാം അറിയുമ്പോൾ വേദനയും കഷ്ടങ്ങളും, മരണവും ഭയവും അന്യായവും ദാരിദ്ര്യവും ഇല്ലാത്ത ഒരു ജീവിതത്തെ ഊഹിക്കാൻ പോലും വിഷമമാണ്.

ഇക്കാര്യങ്ങൾ അവിടെ ഇല്ലാതിരിക്കും എന്നു മാത്രമല്ല ഈ വിവരണം ഒരു വ്യക്തിപരമായ സ്പർശനംകൂടി നൽകുന്നു: "[യേശു] അവരുടെ കണ്ണുകളിൽനിന്നു കണ്ണുനീർ എല്ലാം തുടെച്ചുകളയും" (വെളി. 21:4). രക്ഷിക്കപ്പെട്ടവരുടെ പശ്ചാത്തലത്തിൽ, ചരിത്രത്തിലെന്നും കഷ്ടപ്പെട്ടവരോടുള്ള അനുകമ്പ ഒറ്റവാക്യത്തിൽ അതിന്റെ പരമകാഷ്ഠയിൽ എത്തുന്നു. ദൈവം അവരുടെ കഷ്ടങ്ങൾക്കു അറുതി വരുത്തുക മാത്രമല്ല, വ്യക്തിപരമായി അവരുടെ കണ്ണുനീർ തുടയ്ക്കുകയും ചെയ്യുന്നു.

പാപവും അന്യായവും ദുരന്തവും നിറഞ്ഞലോകം നിമിത്തം തല്ലി ചതയ്ക്കപ്പെട്ടതും മുറിപ്പാടുകൾ ഉള്ളതുമാണു ജീവിതം. പല വ്യത്യസ്ത വഴികളിൽ പാപികൾ ആയിത്തീർന്ന എല്ലാവർക്കുമുള്ള സൗഖ്യത്തിന്റെ പ്രക്രിയയുടെ സൂചനകൾ നമുക്കു വെളിപ്പാടു പുസ്തകത്തിൽ കാണാൻ കഴിയും.

ജീവവൃക്ഷത്തെ വിവരിച്ചുകൊണ്ടു യോഹന്നാൻ വിശദീകരിക്കുന്നു: "വൃക്ഷത്തിന്റെ ഇല ദേശങ്ങളുടെ രോഗശാന്തിക്കുവേണ്ടിയുള്ളതാണ്" (വെളി. 22:2). മനുഷ്യവർഗ്ഗം എന്നു അർത്ഥമാക്കപ്പെടുന്നതിനെ കുറിച്ചുള്ള അറിവും, അവരോടുള്ള അനുകമ്പയും വീണ്ടും ദൈവം ഇവിടെ പ്രകടിപ്പിക്കുന്നു. അവർക്കു തോന്നുകയും അനുഭവപ്പെടുകയും, സാക്ഷ്യമാകുകയും ലോകത്തിൽ പങ്കു കൂടുന്നതുമൊക്കെ ദൈവം അറിയുന്നു. ലോകത്തെ പുനർസൃഷ്ടിക്കുവാനുള്ള ദൈവപദ്ധതിയിൽ നമ്മെ ഓരോരുത്തരെയും യഥാസ്ഥാനപ്പെടുത്തുന്നതും സൗഖ്യമാക്കുന്നതും ഉൾപ്പെടുന്നു.

അതുവരെ, നമ്മുടെ ഭാഗങ്ങൾ ചെയ്തുകൊണ്ടു ക്രിസ്തുവിൽ നമുക്കു ആകേണ്ടതൊക്കെ ആയിത്തീരുവാൻ നമ്മൾ അന്വേഷിക്കുന്നു. നമ്മുടെ ഭാഗങ്ങൾ നിസ്സാരവും ചെറുതും ആയിരുന്നാലും നമുക്കു ചുറ്റിലും ആവശ്യത്തിലിരിക്കുന്നവർക്കു കഴിയുന്ന ശുശ്രൂഷ നാം ചെയ്യുന്നു. ചെയ്യുന്നതു എന്തും ആയിക്കൊള്ളട്ടെ, - ദയാവാക്കുകൾ, ഒരു ചൂടുഭക്ഷണം, വൈദ്യസഹായം, ദന്തപരിചരണം, വസ്ത്രദാനം, ഉപദേശം - നമുക്കു ചെയ്യാൻ കഴിയുന്നതെന്തും യേശു ഇവിടെ ആയിരുന്നപ്പോൾ കാണിച്ചതുപോലെ സ്വയം പരിത്യജിക്കുന്ന, സ്വയം നിഷേധിക്കുന്ന, സ്വയം യാഗമാക്കുന്ന സ്നേഹത്തോടെ നാം ചെയ്തുകൊണ്ടിരിക്കണം.

നമ്മുടെ ഏറ്റവും മികച്ച പ്രവർത്തനങ്ങൾക്കും അപ്പുറമായി, നിശ്ചയമായും ലോകം അധികമധികം മോശം ആകുവാൻ പോകുകയാണ്. യേശു അതു അറിഞ്ഞിരുന്നു; എന്നാലും ഈ സത്യം മറ്റുള്ളവർക്കു ശുശ്രൂഷ ചെയ്യുന്നതിൽ യേശുവിനെ തടഞ്ഞില്ല. അതു നമ്മെയും തടയരുത്.

## വെള്ളി — സെപ്തംബർ 13

**കൂടുതൽ പഠനം:** എലെൻ ജി. വൈറ്റിന്റെ The Acts of the Apostles, PP. 309-322; The great Controversy, PP. 653-661.

ദൈവത്തിന്റെ ശബ്ദം തന്റെ ജനത്തിന്റെ ബന്ധനം നീക്കുമ്പോൾ കടുത്ത ജീവിതപോരാട്ടത്തിൽ എല്ലാം നഷ്ടപ്പെട്ടവരുടെ ഭീകരമായ ഒരു ഉണർവ്വ് ഉണ്ടാകും. കൃപാകാലം നീണ്ടുനിന്നപ്പോൾ അവർ സാത്താന്റെ വഞ്ചനയാൽ ആന്ധർ ആക്കപ്പെട്ടിരുന്നു; അവർ തങ്ങളുടെ പാപവഴിയെ ന്യായീകരിക്കുകയും ചെയ്തു. ധനികർ, നിർഭാഗ്യരായവരുടെ മേലുള്ള മേൽക്കോയ്മയിൽ നിഗളിച്ചു; ദൈവത്തിന്റെ നിയമത്തിന്റെ ലംഘനത്താലാണു അവർ സ്വത്ത് സ്വരൂപിച്ചത്. വിശക്കുന്നവർക്കു ആഹാരം നൽകുന്നതും, നഗ്നരെ ഉടുപ്പിക്കുന്നതും, നീതിയായി ഇടപെടുന്നതും കരുണയെ ഇഷ്ടപ്പെടുന്നതും അവർ അവഗണിച്ചു.... ലൗകിക ധനത്തിനും ആസ്വാദ

നത്തിനുംവേണ്ടി തങ്ങളുടെ ആത്മാക്കളെ, ദൈവഭാഗത്തു ധനികർ ആക്കുന്നതു അവർ വീട്ടുകളയുകയും ചെയ്തു. ഫലമാകട്ടെ, അവരുടെ ജീവിതങ്ങൾ പരാജയം ആകുന്നു; അവരുടെ ആനന്ദം കൈപ്പായി മാറി, അവരുടെ നിക്ഷേപമെല്ലാം പാഴായി."

"വൻപോരാട്ടം അവസാനിച്ചു. പാപവും പാപികളും ഇനി ഇല്ല. അഖിലാണ്ഡം അഖിലവും ശുദ്ധമായി. സ്വരചേർച്ചയുടെയും ആനന്ദത്തിന്റെയും ഒരേ സ്പന്ദനം തന്നെ അതിവിശാലമായ സൃഷ്ടിയിലെങ്ങും മിടിക്കുന്നു. സകലവും സൃഷ്ടിച്ചവനിൽനിന്നു, അനന്തതയുടെ എല്ലാ മണ്ഡലങ്ങളിലേക്കും ജീവനും വെളിച്ചവും ആനന്ദവും പ്രവഹിക്കുന്നു. അത്യന്തം ചെറുതായ അണു മുതൽ അത്യധികം വലുതായ ലോകം വരെ, സകലവും ജീവനുള്ളതും ഇല്ലാത്തതും, അവയുടെ നിഴൽരഹിതമായ സൗന്ദര്യത്തിലും സമ്പൂർണ്ണ ആഹ്ലാദത്തിലും പ്രഖ്യാപിക്കുന്നു - ദൈവം സ്നേഹം ആകുന്നു-" Ellen G. White, The great Controversy, P. 654-678.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. നിങ്ങൾ ഈ ആഴ്ചയിൽ പഠിച്ചതു ഇവിടത്തെ ഇപ്പോഴത്തെ ജീവിതം പ്രസക്തമാണെന്നു എങ്ങനെ കാണിക്കുന്നു എന്നു വിവരിക്കുക. ദൈവം ഈ ലോകത്തെ നശിപ്പിച്ച് ഒരു പുതിയ ലോകം ഉണ്ടാക്കും എന്നതിനാൽ ഈ ലോകത്തെക്കുറിച്ചും ഇപ്പോഴത്തെ ജീവിതത്തെക്കുറിച്ചും ഭാരപ്പെടേണ്ടതില്ല എന്ന വിശ്വാസവുമായി ഇതിനെ താരതമ്യം ചെയ്യുക. ഒരു പുതിയ ജീവിതം സംബന്ധിച്ച വാഗ്ദാനംകൊണ്ടു മാത്രം സഹായം ആവശ്യമായവരെ അവഗണിക്കാതിരിക്കാൻ നമുക്കു എങ്ങനെ കഴിയും? ഈ സത്യത്തിന്റെ മറവിൽ നാം തന്നെ മറ്റുള്ളവരെ ചൂഷണം ചെയ്യുകയില്ലെന്ന് എങ്ങനെ ഉറപ്പാക്കാം?
2. സെവന്ത് ഡേ അഡ്വന്റിസ്റ്റ് ബൈബിൾ പ്രവചന അറിവ് അനുസരിച്ചു ദുഷ്ടതയും കഷ്ടതയും വർദ്ധിക്കും. അങ്ങനെ സംഭവിക്കുമ്പോൾ നാം മത്തായി 24 ഓർക്കും. മത്തായി 25 ന്റെ വെളിച്ചത്തിൽ ഈ ദുരന്തങ്ങളെ നാം എങ്ങനെ കാണണം?

**സംഗ്രഹം:** നമ്മുടെ ദൈവം ദുഷ്ടത എക്കാലവും തുടരുവാൻ അനുവദിക്കില്ല. യേശുവിന്റെ വീണ്ടും വരവു തിന്മയ്ക്കു അറുതി വരുത്തുമെന്നും, ഒരു പുതിയ ലോകത്തെ അതിന്റെ അർത്ഥത്തിൽ സൃഷ്ടിക്കുമെന്നും, അന്യായം നീക്കപ്പെടുമെന്നും ആണു ബൈബിളിന്റെ വലിയ പ്രത്യാശ. യേശുവിന്റെ ഉയിർപ്പിൽ പണിയപ്പെട്ടു, അതിനായി കാത്തിരിക്കുന്ന വേളയിൽ ഈ പ്രത്യാശ ഇതിനെ രൂപാന്തരപ്പെടുത്തുകയും ദൈവത്തിനും മറ്റുള്ളവർക്കുമായുള്ള സേവനത്തിൽ നമ്മെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

***